(ബി) ഇക്കാലത്ത് എത്ര ടാക്സികൾ മോഷണം പോയിട്ടുണ്ട് ;

(സി) ടാക്സി ഡ്രൈവർമാർ കൊല്ലപ്പെട്ടതും ടാക്സികൾ തട്ടിയെടുത്തതുമായ എത്ര കേസുകളിൽ പ്രതികളെ കണ്ടെത്താനായിട്ടുണ്ട് ;

(ഡി) സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിലെ ടാക്സികൾ അന്യ സംസ്ഥാനത്തേയ്ക്ക് ഓടാൻ പോകുമ്പോൾ ടാക്സി ഉപയോഗിക്കുന്നവർ അതതു പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ കൈവിരലടയാളം രേഖപ്പെടുത്തണമെന്ന വ്യവസ്ഥ കൊണ്ടു വരാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒമ്പത് ടാക്സി ഡ്രൈവർമാർ കൊല്ലപ്പെട്ടിട്ടുണ്ട്.

(ബി) 226 ടാക്സികൾ

(സി) 18 കേസുകളിൽ

(ഡി) ആയതിന്റെ നിയമപരമായ വശങ്ങളും, പ്രായോഗികതയും പരിശോധിച്ചതിന് ശേഷമേ ഇതിൻമേൽ ഒരു തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

വാഹന മോഷണ സംഘങ്ങളെ ഇല്ലാതാക്കുന്നതിന് നടപടി

96 (105) ശ്രീ. എം.ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന അന്തർ സംസ്ഥാന മോഷണ സംഘങ്ങളെ ഇല്ലാതാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(സി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ വാഹനമോഷണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന വാഹനങ്ങൾ പരിശോധിക്കുകയും, അയൽ സംസ്ഥാനങ്ങളിലെ പോലീസ് ഉദ്യോഗസ്ഥരുമായി ഇടയ്ക്കിടെ ബന്ധപ്പെട്ട് കുറ്റവാളികളെ സംബന്ധിച്ച് ആശയവിനിമയം നടത്തുകയും, കുറ്റനിവാരണമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ അന്തർ സംസ്ഥാന ബന്ധമുള്ള കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് ആവശ്യമെന്ന് കണ്ടാൽ പ്രത്യേകം പോലീസ് ടീമിനെയും നിയോഗിക്കാറുണ്ട്.

(സി) 2420 കേസുകൾ

വാഹനാപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം

97 (106) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്നു കൊല്ലക്കാലത്ത് എത്ര വാഹനാപകടങ്ങൾ ഉണ്ടായി; പ്രസ്തുത അപകടങ്ങളിൽ എത്ര കാൽനടക്കാർക്കും ഇരുചക്രവാഹനക്കാർക്കും ഓട്ടോ യാത്രക്കാർക്കും മറ്റു വാഹന യാത്രക്കാർക്കും പരിക്കു പറ്റുകയും ജീവഹാനി സംഭവിക്കുകയും ചെയ്തിട്ടുണ്ട് ;

(ബി) സംസ്ഥാനത്ത് നഗരങ്ങളിലും പട്ടണങ്ങളിലും അവധി ദിവസങ്ങളിലും രാത്രിയും ട്രാഫിക് ഡ്യൂട്ടിക്ക് പോലീസുകാരെ നിയോഗിക്കാത്തതുമൂലം അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കഴിഞ്ഞ മൂന്നു കൊല്ലക്കാലത്ത് രാത്രി എട്ടു മണിക്കുശേഷവും പകൽ ഏഴുമണിക്കു മുമ്പും എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ട് ; എത്ര പേർക്ക് പരിക്ക് പറ്റി, എത്രപേർ മരിച്ചു എന്നും വെളിപ്പെടുത്തുമോ ;

(ഡി) നഗരങ്ങളിലും പട്ടണങ്ങളിലും ഇരുപത്തിനാലു മണിക്കൂറും ട്രാഫിക് നിയന്ത്രണത്തിനായി ഉദ്യോഗസ്ഥരെ നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ മൂന്നുകൊല്ലക്കാലത്ത് 101470 വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്. പരിക്കുപറ്റുകയും ജീവഹാനി സംഭവിക്കുകയും ചെയ്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

(1) കാൽനടക്കാർ :

പരിക്ക്	ജീവഹാനി
32994	2675

(2) ഇരുചക്രവാഹനക്കാർ :

പരിക്ക്	ജീവഹാനി
23922	1625

(3) ഓട്ടോ യാത്രക്കാർ :

പരിക്ക്	ജീവഹാനി
17716	605

(4) മറ്റു വാഹനം :

പരിക്ക്	ജീവഹാനി
63479	2952

(ബി) നഗരങ്ങളിലും പട്ടണങ്ങളിലും അവധി ദിവസങ്ങളിലും ട്രാഫിക് ഡ്യൂട്ടിക്ക് പോലീസുകാരെ നിയോഗിച്ചു വരുന്നുണ്ട്. രാവിലെ 8 മണി മുതൽ

LIBRARY ARCHIVES Kerala Legislative Assembly

രാത്രി 8 മണിവരെയാണ് സാധാരണ നിലയിൽ ട്രാഫിക് ഡ്യൂട്ടിക്ക് പോലീസുകാരെ നിയോഗിക്കുന്നത്. പ്രത്യേക സാഹചര്യങ്ങളിൽ തിരക്കൊഴിയുന്നതുവരെ ട്രാഫിക് നിയന്ത്രിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചു വരുന്നുണ്ട്.

(സി) കഴിഞ്ഞ മൂന്നു കൊല്ലക്കാലത്ത് രാത്രി 8 മണിക്കുശേഷവും പകൽ 7 മണിക്കു മുമ്പും 1788 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത അപകടങ്ങൾമൂലം 22586 പേർക്ക് പരിക്ക് പറ്റുകയും 1539 പേർ മരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇപ്പോൾ രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെയാണ് സാധാരണ നിലയിൽ ട്രാഫിക് ഡ്യൂട്ടിക്ക് പോലീസുകാരെ നിയോഗിച്ചു വരുന്നത്. ഇരുപത്തിനാലു മണിക്കൂറും ട്രാഫിക് നിയന്ത്രണത്തിനായി പോലീസുകാരെ നിയോഗിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മത്സ്യ വില്പന മൂലം ഗതാഗത തടസ്സമുണ്ടാകുന്നതായി പരാതി

98 (107) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട്, ഗോവ, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും വാഹനങ്ങളിൽ കൊണ്ടു വരുന്ന മത്സ്യങ്ങൾ നാഷണൽ ഹൈവേയുടെ ഓരം ചേർന്നു വിൽപ്പന നടത്തുന്നതുമൂലം വാഹന ഗതാഗതത്തിനു തടസ്സം നേരിടുകയും ആ സ്ഥലങ്ങളിൽ വച്ച് പല തവണ വാഹനാപകടങ്ങൾ സംഭവിച്ചതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് ഒഴിവാക്കാൻ എന്തു നടപടികൾ സ്വീകരിച്ചു ;

(ബി) ഇപ്രകാരം വാഹനങ്ങളിൽ കൊണ്ടു വരുന്ന മത്സ്യം നാഷണൽ ഹൈവേയുടെ ഓരം ചേർന്നു വില്പന നടത്തുന്നതിനു സരക്കാർ അനുവാദം കൊടുത്തിട്ടുണ്ടോ;

(സി) നാഷണൽ ഹൈവേയിലൂടെ സഞ്ചരിക്കുന്ന മറ്റു വാഹനങ്ങൾക്ക് ഈ മത്സ്യ വിൽപ്പനമൂലം ഉണ്ടാകുന്ന തടസ്സങ്ങൾ നീക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റക്കാർക്കെതിരെ പെറ്റി കേസുകൾ ചാർജ്ജ് ചെയ്ത് ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇല്ല.

(സി) നാഷണൽ ഹൈവേയുടെ ഓരം ചേർന്ന് വാഹനങ്ങളിൽ മത്സ്യ വില്പന നടത്തുന്നവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ച് ഗതാഗത തടസ്സം ഉണ്ടാകാതിരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly